# കോൺസുൽ ജനറൽ ക്രിസ് ഹോഡ്ജസ്



ക്രിസ് ഹോഡ്ജസ് 2023 ജൂലൈ 31-ന് ഇന്ത്യയിലെ ചെന്നൈയിലുള്ള യു.എസ്. കോൺസുലേറ്റ് ജനറൽ കാര്യാലയത്തിൽ കോൺസൽ ജനറൽ സ്ഥാനമേറ്റെടുത്തു.

ഇതിന് മുൻപുള്ള അദ്ദേഹത്തിൻറെ നിയമനങ്ങളിൽ ബ്യൂറോ ഓഫ് നിയർ ഈസ്റ്റേൺ അഫയേഴ്സിലെ പ്രസ് ആൻഡ് പബ്ലിക് ഡിപ്ലോമസി ആൻഡ് അസിസ്റ്റൻസ് കോർഡിനേഷൻ വിഭാഗത്തിൽ ഡെപ്യൂട്ടി അസിസ്റ്റൻറ് സെക്രട്ടറി, ഇസ്രായേൽ-പാലസ്തീൻ പലസ്തീൻ കാര്യങ്ങൾക്കായുള്ള ഡെപ്യൂട്ടി അസിസ്റ്റൻറ് സെക്രട്ടറി എന്നീ സ്ഥാനങ്ങൾ ഉൾപ്പെടുന്നു. രണ്ടായിരാമാണ്ടിൽ വിദേശ സേവനത്തിൽ ചേർന്ന ക്രിസ് ജെറുസലേം, ഹാനോയ് (വിയറ്റ്നാം), അക്ര (ഘാന) എന്നിവിടങ്ങളിൽ പബ്ലിക് അഫയേഴ്സ് ഓഫീസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ സെൻട്രൽ യൂറോപ്യൻ അഫയേഴ്സ് ഓഫിസിൽ ഓസ്ട്രിയ, ജർമ്മനി, സ്വിറ്റ്സർലാൻഡ്, ലിക്റ്റൻസ്റ്റൈൻ എന്നീ രാജ്യങ്ങളിലേക്കുള്ള ഡെപ്യൂട്ടി ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്.

ജോർജിയ ടെക്കിൽ നിന്ന് ഓണേഴ്സോടെ ഇന്റർനാഷണൽ അഫയേഴ്സിൽ ബാച്ചിലർ ഓഫ് സയൻസ് ബിരുദം നേടിയ ക്രിസ് ഹോഡ്ജസ് ജോർജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇന്റർനാഷണൽ അഫയേഴ്സിലും യു.എസ്. നേവൽ വാർ കോളേജിൽ നിന്ന് സ്ട്രാറ്റജിക് സ്റ്റഡീസിലും മാസ്റ്റർ ഓഫ് ആർട് ബിരുദങ്ങളും

നേടിയിട്ടുണ്ട്. 2018–ൽ എഡ്വേർഡ് ആർ. മുറോ ഫോർ പബ്ലിക് ഡിപ്ലോമസി അവാർഡിൽ റണ്ണറപ്പ് സ്ഥാനം നേടിയിരുന്നു അദ്ദേഹം. പൊതു നയതന്ത്ര മേഖലയിലെ പ്രവർത്തനത്തിന് 2019–ൽ പബ്ലിക് ഡിപ്ലോമസി അലംനി അസോസിയേഷൻ ക്രിസ് ഹോഡ്ജസിനെ ആദരിച്ചു. അമേരിക്കയിലെ ജോർജിയ സംസ്ഥാനത്തിലെ മരിയറ്റയിൽ നിന്നുള്ള അദ്ദേഹത്തിന് ഭാര്യയും രണ്ട് മക്കളുമുണ്ട്.

ചെന്നൈയിലെ യു.എസ്. കോൺസൽ ജനറൽ എന്ന നിലയിൽ ക്രിസ് ഹോഡ്ജസ് തമിഴ്നാട്, കർണാടക, കേരളം എന്നീ സംസ്ഥാനങ്ങളും ആൻഡമാൻ–നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപ്, പുതുച്ചേരി എന്നീ മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളും ചേർന്ന കോൺസുലർ അധികാരപരിധിയിൽ യു.എസ്.–ഇന്ത്യ ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്വം വഹിക്കുന്നു.

***